**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1566** **16-10-2026-ൽ മറുപടിയ്ക്ക്**

**തളിപ്പറമ്പ് മണ്ഡലത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ വഴി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പുരോഗതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ വഴി നടപ്പിലാക്കുന്ന വിവിധ കായിക വികസന പ്രവൃത്തികളുടെ നിലവിലെ ഭൗതിക, സാമ്പത്തിക പുരോഗതി വ്യക്തമാക്കാമോ;

**മറുപടി:** തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ സ്പോർട്സ് കേരള ഫൌണ്ടേഷൻ വഴി നടപ്പിലാക്കുന്ന വിവിധ കായിക വികസന പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.

**(ബി)** പ്രസ്തുത പ്രവൃത്തികൾക്കായി ആവശ്യമായ ഭൂമി കൈമാറ്റ നടപടികളും ബജറ്റ്/ഒ.പി-ഒ.പി.ജി ഫണ്ട് ലഭ്യമാക്കലും പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതിയും അവ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്ന തീയതിയും വ്യക്തമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| നം | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് കളിസ്ഥലം നിർമ്മാണം (ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി) | കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് കളിസ്ഥലം നിർമ്മാണ പ്രവൃത്തിക്കായി തളിപ്പറമ്പ് നിയോജക മണ്ഡലം എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 50.00 ലക്ഷം രൂപയുടെ ഭരണാനുമതിയും, കായിക വകുപ്പിന്റെ പ്ലാൻഫണ്ട് വിഹിതമായ 50 ലക്ഷം രൂപ ഉൾപ്പെടെ 100.00 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതിയും നൽകിയിരുന്നു. 93.89 ലക്ഷം രൂപയ്ക്ക് (18% GST ഉൾപ്പെടെ) സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകി, പ്രവൃത്തിയ്ക്ക് ഇ-ടെണ്ടർ ക്ഷണിക്കുകയും, ശ്രീ.അബ്ദുൾ അലി.സി.എച്ച്, കാസർഗോഡ് എന്ന കരാറുകാരനുമായി 66.00 ലക്ഷം രൂപയ്ക്ക് (GST ഒഴികെ) ടി പ്രവൃത്തിയുടെ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയിൽ ഗ്രൗണ്ട് ഡെവലപ്മെന്റ്, മഡ് ഫുട്ബോൾ കോർട്ട് (94 മീ X 54 മീ), ഫെൻസിംഗ്, സ്റ്റെപ്പ് ഗ്യാലറി എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ സ്റ്റെപ്പ് ഗ്യാലറി 90%, ഫെൻസിംഗ് 80%, ഫ്ളെഡ് ലൈറ്റിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ, പോൾ ലൈറ്റ് സ്ഥാപിക്കൽ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രൗണ്ട് ഡെവലപ്മെന്റ് പ്രവൃത്തികൾ ആരംഭിക്കേണ്ടതുണ്ട്. നിലവിൽ 60% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | ആന്തൂർ മുനിസിപ്പാലിറ്റിയിലെ മൊറാഴ ജി.എച്ച്.എസ്.എസ് കളിസ്ഥലം വികസനം (ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി) | മൊറാഴ ജി.എച്ച്.എസ്.എസ് കളിസ്ഥലം വികസന പ്രവൃത്തിക്കായി ആന്തൂർ നഗരസഭ സെക്രട്ടറിയുടെ ഉത്തരവ് പ്രകാരം 50.00 ലക്ഷം രൂപയുടെ ഭരണാനുമതിയും കായിക വകുപ്പിൻറെ പ്ലാൻഫണ്ട് വിഹിതമായ 50 ലക്ഷം രൂപ ഉൾപ്പെടെ 100.00 ലക്ഷം രൂപയുടെ സംയുക്ത |

| | | |
|---|---|---|
| | | ഭരണാനുമതിയും നൽകിയിട്ടുണ്ട്. 93.89 ലക്ഷം രൂപയ്ക്ക് (18% GST ഉൾപ്പെടെ) സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും ശ്രീ.മനോഹരൻ.പി.വി എന്ന കരാറുകാരനുമായി 69.86 ലക്ഷം രൂപയ്ക്ക് (GST ഒഴികെ) ടി പ്രവൃത്തിയുടെ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയിൽ ഗ്രൗണ്ട് ഡെവലപ്മെന്റ്, മഡ് ഫുട്ബോൾ & വോളീബോൾ കോർട്ട്, ഫെൻസിംഗ്, ഇലക്ട്രിക് പോൾ, സ്റ്റേജ് നവീകരണം & അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ 10% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2027 മാർച്ച് മാസം അവസാനത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ് എന്ന് സ്പോർട്സ് കേരള ഫൗണ്ടേഷൻ അറിയിച്ചിട്ടുണ്ട്. |
| 3 | സഫ്ദാർ ഹാഷ്മി വായനാശാല ഗ്രൗണ്ട് വികസനം (ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി) | പ്രസ്തുത പ്രവൃത്തിക്കുള്ള 60.00 ലക്ഷം രൂപയുടെ ഭരണാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി 11.03.2026 തീയ്യതിയിൽ SKF, കായികയുവജനകാര്യാലയം ഡയറക്ടർക്കും, കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്കും, മയ്യിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും സമർപ്പിച്ചിട്ടുണ്ട്. |
| 4 | മലപ്പട്ടം പഞ്ചായത്ത് ഗ്രൗണ്ട് വികസനം (ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി) | പ്രസ്തുത പ്രവൃത്തിക്കുള്ള 42.00 ലക്ഷം രൂപയുടെ ഭരണാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി 10.02.2026 തീയ്യതിയിൽ SKF കായിക യുവജനകാര്യാലയം ഡയറക്ടർക്കും, 16.04.2026-ന് കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്കും, മലപ്പട്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും സമർപ്പിച്ചിട്ടുണ്ട്. |
| 5 | മലപ്പട്ടം ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് നവീകരണം (ബഡ്ജറ്റ് 2025 - 26) | മലപ്പട്ടം ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് നവീകരണ പ്രവൃത്തിക്കായി 30.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 28.16 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകി M/s. L&M Infra ബിൽഡേഴ്സ് എന്ന സ്ഥാപനവുമായി ടി |

| | | |
|---|---|---|
| | | പ്രവൃത്തിയുടെ കരാറിൽ ഏർപ്പെട്ടകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയിൽ പ്രധാനമായും നിലവിലുള്ള സ്റ്റേജിന്റെ നവീകരണം, ഗേറ്റ് & കോമ്പൗണ്ട് വാൾ, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ റീട്ടൈനിംഗ് വാളിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 4 മാസമാണ് ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി. |

**സെക്ഷൻ ഓഫീസർ**